**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 295** **08-08-2023 - ൽ മറുപടിയ്ക്ക്**

**റേഷൻ കാർഡ് ഉടമകൾക്ക് നഷ്ടപരിഹാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. ഷംസുദ്ദീൻ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | കേന്ദ്ര ഭക്ഷ്യ ഭദ്രത നിയമപ്രകാരം ഗുണമേന്മയുള്ള റേഷൻ സാധനങ്ങൾ യഥാസമയം ലഭിച്ചില്ലെങ്കിൽ കാർഡുടമകൾക്ക് നഷ്ടപരിഹാരം ലഭിക്കുവാൻ അവകാശമുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (എ) | എ.എ.വൈ, മുൻഗണനാ വിഭാഗങ്ങളിൽപ്പെട്ട കാർഡുടമകൾക്ക് അർഹതപ്പെട്ട ഭക്ഷ്യധാന്യം ലഭ്യമാക്കാൻ കഴിഞ്ഞില്ലെങ്കിൽ ഫുഡ് സെക്യൂരിറ്റി അലവൻസ് നൽകണമെന്ന് ടി നിയമത്തിന്റെ വകുപ്പ് 8-ൽ നിഷ്കർഷിച്ചിട്ടുണ്ട്.<br><br>സംസ്ഥാനത്തെ റേഷൻകാർഡുടമകൾക്ക് വിതരണം ചെയ്യുന്നതിനായി എഫ്.സി.ഐ മുഖാന്തരം ലഭ്യമാകുന്ന ഭക്ഷ്യധാന്യങ്ങൾ, സപ്ലൈകോയുടെ ക്വാളിറ്റ് കൺട്രോളർ പരിശോധിച്ച് ഗുണനിലവാരം ഉറപ്പ് വരുത്തിയതിനു ശേഷമാണ് സപ്ലൈകോ വിട്ടെടുത്ത് വാതിൽപ്പടി വിതരണം നടത്തുന്നത്. എഫ്.സി.ഐയിൽ നിന്ന് വിതരണം ചെയ്യുന്ന ഭക്ഷ്യധാന്യങ്ങളുടെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിനായി വകുപ്പും എഫ്.സി.ഐയുമായി എസ്.ഒ.പി(Standard Operating Procedure) ഒപ്പ് വച്ചിട്ടുണ്ട്. |
| (ബി) | സർവർ തകരാറിനെയും ഇ പോസ് മെഷീനിലെ സാങ്കേതിക തകരാറിനെയും തുടർന്ന് റേഷൻ ലഭിക്കാത്ത കാർഡ് ഉടമകൾക്ക് നഷ്ടപരിഹാരം നൽകണമെന്ന ഭക്ഷ്യ കമ്മീഷന്റെ ഉത്തരവിൽ വകുപ്പ് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ? | (ബി) | സെർവർ തകരാറിനെയും ഇ-പോസ് മെഷീനിലെ സാങ്കേതിക തകരാറിനെയും തുടർന്ന് 2023 ഏപ്രിൽ മാസത്തെ റേഷൻവിതരണ കാലാവധി അവസാനിക്കുന്ന 05.05.2023-നകം റേഷൻ വിഹിതം ലഭിക്കാത്ത മുൻഗണനാ വിഭാഗത്തിൽപ്പെട്ട കാർഡുടമകൾക്ക് ഫുഡ് സെക്യൂരിറ്റി അലവൻസ് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് എല്ലാ ജില്ലാ പരാതി പരിഹാര ഓഫീസർമാർക്കും ഭക്ഷ്യക്കമ്മീഷൻ നിർദ്ദേശം നൽകിയിരുന്നു. 2023 ഏപ്രിൽ മാസത്തിൽ 96.16% AAY, 92.52% PHH കാർഡുടമകൾ റേഷൻ വാങ്ങിയിട്ടുണ്ട്. സാങ്കേതിക തകരാർ മൂലം ആർക്കും റേഷൻ നിഷേധിക്കാൻ ഇടയായിട്ടില്ല. |

സെക്ഷൻ ഓഫീസർ